2009 ആഗസ്റ്റിൽ മഹാരാഷ്ട്രയിലെ ഗട്ചിറോളി ജില്ലയിലെ മേന്ത ഗ്രാമം സന്ദർശിക്കും ആദിവാസികളുടെ അതിഥിയായി താമസിക്കുകയും ചെയ്ത ലേഖകൻ ഗോത്രസമൂഹത്തിന്റെ ഭരണ-സാമൂഹിക സംവിധാനങ്ങളെക്കുറിച്ച് നടത്തിയ നിരീക്ഷണങ്ങൾ പങ്കുവയ്ക്കുന്നു.(കഴിഞ്ഞലക്കം തുടർച്ച)

# ഇന്ത്യൻ ജനാധിപത്യത്തിന് മാതൃകയായ ഗോത്രപാഠങ്ങൾ

കെ. ബഷീർ

ഗ്രാമസഭയുടെ വരുമാനമായി സംഘത്തിലുള്ളവർ ശേഖരിക്കുന്ന വനവിഭവങ്ങൾ (തേൻ, കുന്തിരിക്കം, നെല്ലിക്ക, ഔഷധങ്ങൾ തുടങ്ങിയ) വഴിയുള്ള വരുമാനത്തിന്റെ 10% കൃഷിഭൂമിയിലെ വിളവിന്റെ 5% ധാന്യ ഗ്രാമഫണ്ടിനും ഗ്രാമധാന്യഫണ്ടിനും യഥാക്രമം നൽകുന്നു. ഇതിനുപുറമെ ഗ്രാമസഭനിശ്ചയിക്കുന്ന പടികളും മറ്റും വരുമാനമായുണ്ട്. ഇത് പൊതു ആഘോഷങ്ങൾക്കും ആവശ്യമായ അംഗങ്ങൾക്ക് പലിശയില്ലാതെ ഒരു വർഷത്തേക്ക് കടമായി നല്കാനും ഉപയോഗിക്കും. ഒരു വർഷം കൊണ്ട് തിരിച്ചടപ്പിടച്ചില്ലെങ്കിൽ 2% പലിശ ഈടാക്കുന്നു. ഗ്രാമസഭയുടെ അക്കൗണ്ടന്റ് സൂക്ഷിക്കാൻ ഗ്രാമസഭ പ്രത്യേക രീതി തീരുമാനിച്ചിരിക്കുന്നു.

ഒപ്പധികാരമുള്ള രണ്ടുപേർ, പാസ്ബുക്കും ചെക്ക്ബുക്കും സൂക്ഷിക്കാൻ മറ്റൊരാൾ, കണക്ക് വെക്കാനും സ്വീകരിക്കാനും കൊണ്ടുവരാനും മറ്റൊരാൾ, പണം ബാങ്കിൽ നിന്നും സ്വീകരിക്കാനും കൊണ്ടുവരാനും മറ്റൊരാൾ, ചിലവഴിക്കാൻ ഗ്രാമസഭ തീരുമാനിക്കുന്ന മറ്റൊരാൾ.

ഇങ്ങിനെ ആറുപേരാണ് പണം കൈകാര്യം ചെയ്യുന്നത്. ആധുനിക ലോകത്തിനു തന്നെ നല്ലൊരു മാതൃകയാണ്.

**2. പാരമ്പര്യവിദ്യാഭ്യാസം**

ആധുനിക വിദ്യഭ്യാസരീതിക്ക് മുമ്പ് എട്ടുവയസ്സിനുശേഷം ആൺകുട്ടികളും പെൺകുട്ടികളും ജീവിതപരിശീലനം നേടിയിരുന്നത് “ഗോട്ടൂൾ” എന്ന പരമ്പരാഗത വിദ്യാലയത്തിലായിരുന്നു. ഈ സമ്പ്രദായമനുസരിച്ച് മുതിർന്ന കുട്ടികൾ തന്നെയാണ് അധ്യാപകർ അല്ലെങ്കിൽ പരിശീലകർ. ഗ്രാമത്തിലെ മുതിർന്നവർ ഗൈഡുകളാണ്. കൃഷി, വനം, പാചകം, സംഗീതം വൃത്തി, നൃത്തം, കുടുംബം, ശുശ്രൂഷ പൗരത്വം, മുതലായ സാർത്ഥക പ്രവൃത്തികളിൽ ഇവിടെ പരിശീലനം ലഭിക്കുന്നു. മാത്രമല്ല കുട്ടികൾ തങ്ങളുടെ ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്നതും മിക്കവാറും ഗോട്ടൂൾ ജീവിതത്തിൽ നിന്നുതന്നെ. പാശ്ചാത്യവിദ്യാഭ്യാസത്തിനും പരിഷ്കാരവും ഈ രീതിയെ ഇല്ലാതാക്കിയിരുന്നു. ഗ്രാമസഭ അവരുടെ സമ്പന്ന പാരമ്പര്യത്തിന്റെ മഹത്വം തിരിച്ചറിയുകയും. ഗോട്ടൂൾ പുനസൃഷ്ടിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഗോട്ടൂൾ എന്നാൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കഴിയാനുള്ള ഒരു കെട്ടിടമാണ് അത് നിർമ്മിക്കാനായി കാട്ടിൽനിന്നും മരം വെട്ടിയത് വനപാലകരെ അരിശം കൊള്ളിച്ചു. അവർ പോലീസിനെയും കൊണ്ടുവന്നു. ഗോട്ടൂർ പൊളിച്ചു. മരങ്ങൾ അടുക്കിവെച്ചു. അടുത്തദിവസം തന്നെ ചുറ്റുപാടുകളിലുള്ള 12 ഗോത്രഗ്രാമങ്ങളിൽ ഗോട്ടൂളുകൾ ഉയർന്നു. മാത്രമല്ല, ഇവ എത്രപ്രാവശ്യം പൊളിച്ചാലും തങ്ങളത് ഉടനെ നിർമ്മിക്കുമെന്ന് സ്ത്രീകൾ ഒന്നടങ്കം പ്രഖ്യാപിച്ചതോടെ വനപാലകർ ഒതുങ്ങി. ഇന്നവർ ഗോട്ടൂളിന്റെ ഭാഗമായി ത്തന്നെ പരിശീലിക്കാനായി ഒരു കംപ്യൂട്ടർ ലാബും ഒരുക്കിയിരിക്കുന്നു.

**3 മണ്ണു - ജല സംരക്ഷണം**

ശുഷ്കമായി കിട്ടുന്ന മഴവെള്ളം ഒലിച്ചുപോകുന്നതുവഴി കാട്ടിലെ മണ്ണ് നഷ്ടപ്പെടുന്നത് തടയാനായി ഒരു കിണറും 17 ബണ്ടുകളും ഒരു ജലസംഭരണിയും 1000ത്തോളം ഗള്ളി പ്ലഗ്ഗുകളും ഇവർ നിർമ്മിച്ചു. അ.തുവഴി കാലങ്ങളായി അനുഭവിച്ചിരുന്ന ജലക്ഷാമം പൂർണ്ണമായും ഇല്ലാതായി. ഇതിലെ ജലസംഭരണി സർക്കാർ സഹായം കൊണ്ട് മാത്രം പൂർത്തിയാക്കാനായില്ല. ഗ്രാമസഭ അവസരത്തിനൊത്തുയർന്നു. പൂർത്തിയാക്കാനായി ചെയ്യുന്ന പ്രവൃത്തിക്ക് പൊതു മാനദണ്ഡങ്ങസളും നിശ്ചയിച്ച് പണി തീർത്തു. പണി ചെയ്ത ഓരോരുത്തർക്കും പണത്തിനു പകരം കൂലിയായി അതേ ജലസംഭരണിയിൽ വളർത്തിയ മത്സ്യം നൽകുന്നു.

**4 ബയോഗ്യാസ് പ്ലാന്റുകൾ**

കാട്ടിന്മേലുള്ള സമ്മർദ്ദം കുറയ്ക്കാനും വിറകിന്റെ ഉപയോഗം കുറക്കാനും കൃഷിക്കുപയുക്തമായ വളം ലഭിക്കുന്നതിനുമായി എല്ലാ വീടുകളിലും ബയോഗ്യാസ് പ്ലാന്റുകൾ ആസൂത്രണം ചെയ്ത് കാലികളില്ലാത്ത വീട്ടുകാർക്ക് പൊതുസ്ഥലങ്ങളിൽ വീഴുന്ന ചാണകം ശേഖരിക്കാൻ അനുവാദം നൽകി. എല്ലാവീടുകളിലും ബയോഗ്യാസ് വന്നതോടെ വിറക് ശേഖരണം വഴിയുള്ള കാട് ശോഷണം ഇല്ലാതായി അതുപോലെ വിരസാത്മകമായി കാട് നശിപ്പിച്ച് വന വിഭവങ്ങൾ ശേഖരിക്കുന്നത് കുറ്റകരമായി കണകാക്കി.

**5 തേൻ സംഭരണം**

പരമ്പരാഗതരീതിയിൽ കൂടും അടയും നശിപ്പിച്ചാണ് തേൻ സംഭരിച്ചിരിക്കുന്നത്. പൂനയിലെ കാർഷികസർവ്വകലാശാലയുമായി ചേർന്ന് നടന്ന ഗവേഷണഫലമായി കൂടും അടയും ഈച്ചയും നശിപ്പിക്കപ്പെടാതെ തേൻ സംഭരിക്കുന്നരീതി വികസിപ്പിച്ചു. അതുവഴി തേൻ ഉൽപ്പാദനം പതിമ്മടങ്ങുവർദ്ധിച്ചു.

**6 മുള സംഭരണവും പേപ്പർമില്ലും**

പേപ്പർ മില്ല് വ്യവസായം ഇവിടെ വൻശക്തിയാണ്. മേന്തയുടെ നിസ്താർ അവകാശമുള്ള ഭൂമിയിലെ പോലും മുളമുറിക്കുന്നതിന് പേപ്പർ മില്ലുകൾക്ക് നാമമാത്രമായ വിലക്ക് സർക്കാർ അനുവാദം നല്കിയിരുന്നു. ഈ ലീസ് കരാർ 1991 ൽ അവസാനിച്ചു. ഗ്രാമസഭ ഉടൻ മുഖ്യമന്ത്രിക്ക് തങ്ങളുടെ അനുവാദമില്ലാതെ മുള പേപ്പർ കമ്പനിക്ക് നല്കരുതെന്ന് അറിയിച്ചു. ഇനി കരാർ പരിഷ്കരിച്ച് നീട്ടിക്കൊടുത്താലും ഞങ്ങളുടെ മുള മുറിക്കാൻ മില്ലിനെ അനുവദിക്കില്ലെന്ന് അറിയിച്ചു. എങ്കിലും സർക്കാർ ലീസ് പുതുക്കിക്കൊടുത്തു. പക്ഷെ ജനങ്ങൾ 'ചിപ്കൊ' രീതിയിൽ മൂന്നുവർഷം മുളവെട്ടുന്നത് തടഞ്ഞു. പലതരം പ്രലോഭനങ്ങളും ഭീഷണിയും ക്രൂര രീതികളും പ്രയോഗിച്ചെങ്കിലും ഗ്രാമത്തിന്റെ ഐക്യം തകർക്കാനവർക്കായില്ല. പഞ്ചായത്ത് സർപഞ്ച് വഴി ഗ്രാമസഭക്ക് നോട്ടീസ് നൽകി. ഗവർമെണ്ട് നൽകിയ ലീസിനെ തടഞ്ഞാൽ കേസെടുക്കമെന്ന് ഉത്തരവിറക്കി. ഗ്രാമസഭയും പഠനഗ്രൂപ്പും വിശദമായി കാര്യം പഠിച്ചു. ചർച്ചചെയ്തു. ഗവർമെണ്ടിനു അവരുടെ ആക്ഷനുമായി മുന്നോട്ട് പോകാൻ മറുപടിയായി കത്തുകൊടുത്തു. മാത്രമല്ല മില്ലുകളുടെ മുളമുറി അശാസ്ത്രീയമാണെന്നും അതുവഴി പുതുതലമുറകൾ ഇല്ലാതാകുന്നുവെന്നും മനസ്സിലാക്കി. അതിനാൽ ഈ രീതി ഉപേക്ഷിക്കുന്നതിനു ഗ്രാമസഭ ആവശ്യപ്പെട്ടു. മാത്രമല്ല സംയുക്ത വന പരിപാലനസംഘം മൂത്തമുളകൾ മാത്രം മുറിച്ച് കൃഷിക്കാവശ്യമുള്ളതും കൈത്തൊഴിലുകൾക്കാവശ്യമുള്ളതുമായ മുളകൾ നൽകിയതിനുശേഷം ബാക്കിവരുന്നത് പേപ്പർ മില്ലുകൾക്ക് ന്യായമായ വിലക്ക് നൽകുന്ന പദ്ധതി മൂന്നു വർഷത്തിനുശേഷം സർക്കാർ അംഗീകരിച്ചു.

ഗ്രാമത്തിലെ രണ്ടു കുടുംബങ്ങളൊഴിച്ച് എല്ലാവർക്കും പട്ടയമുള്ള കൃഷിഭൂമിയുണ്ട്. ഏതെങ്കിലും ഒരു കുടുംബത്തിന് കൃഷിയിറക്കാനായില്ലെങ്കിൽ ഗ്രാമസഭയുടെ ഒത്താശയോടെ അയൽവാസികൾ അതുചെയ്യും. ആ വീട്ടുകാർ അന്നത്തെ ആഹാരം തയ്യാറാക്കിയാൽ മതി. അതിനും കഴിഞ്ഞില്ലെങ്കിൽ ജോലി ചെയ്യുന്നവർ ഓരോരുത്തരും സ്വന്തം വീട്ടിൽ പോയി ആഹാരം കഴിച്ച് വരുന്നു. അതുവഴി വേതനമില്ലാതെ, കൂലിയില്ലാതെ അന്യോന്യം സഹായിക്കുന്നു. തങ്ങളുടെ പേരിലുള്ള ഭൂമി ഗ്രാമസഭയ്ക്ക് കൈമാറുന്നതിനെക്കുറിച്ച് കൃഷിഭൂമി പൊതുവാക്കുന്നതിനെക്കുറിച്ചും ഗൗരവമായ ചർച്ചകൾ നടക്കുകയാണ്. അതുവഴി ആധുനിക ലോകത്തിന്റെ സ്വകാര്യസ്വത്തിനും അനുബന്ധ വൈകൃതങ്ങൾക്കും അധാർമികതകൾക്കും ഹിംസകൾക്കും നേരെ ഫലപ്രദമായ ആയുധവും അവർ തയ്യാറാക്കുന്നു.

**7 പൊതു ഫണ്ടുകളുടെ സൂക്ഷിപ്പും വിനിയോഗവും**

ഗോത്ര വികസനത്തിന്റെ പേരിൽ ഗവ. അനേകം ഫണ്ട് നൽകുന്നു. പക്ഷെ ഗോത്രവർഗ്ഗങ്ങളിലത് എത്താറില്ല. ഗ്രാമസഭ ഈ പ്രതിഭാസം പഠനവിഷയമാക്കുകയും ഫണ്ടുകൾ നേരിട്ട് ഗ്രാമസഭയെ ഏല്പിക്കണമെന്ന് മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും കത്തെഴുതുകയും ചെയ്തു. ഉദ്യോഗസ്ഥർ പണം ഗ്രാമപഞ്ചായത്തിന് നൽകാനെ പറ്റു എന്നു മറുപടി നൽകി. ഗ്രാമീണർ പറഞ്ഞു ഗ്രാമവികസനത്തിനാണെങ്കിൽ ഗ്രാമത്തിന് നൽകണം. പഞ്ചായത്തിനല്ല. അപ്പോൾ ഗ്രാമസഭക്ക് ലീഗലായ ഒരു അവകാശവും ഇല്ലെന്നായി. എന്നാൽ എന്തുകൊണ്ടാണ് പണം എൻ ജി ഒ കൾക്ക് കൊടുക്കുന്നത്? അവർക്ക് രജിസ്ട്രേഷനുണ്ട്. നിങ്ങൾക്കതില്ല. അങ്ങിനെ പ്രത്യേക ഭാരവാഹികളില്ലാത്ത ഗ്രാമസഭയുടെ കീഴിലുള്ള ഗ്രാമ പ്ലാനിങ്ങ് വികസനസമിതി വില്ലേജ് പ്ലാനിങ്ങ് ഏന്റ് ഡെവലപ്മെന്റ് കൗൺസിൽ മേന്ത (ലേഖ) രൂപീകരിച്ചു. ഭാരവാഹികളില്ലാതെ ഇതിനെ അവസാനം അധികൃതർ അംഗീകരിച്ചപ്പോഴേക്കും ഫണ്ട് തരാമെന്നേറ്റിരുന്ന ആഫീസറെ സ്ഥലം മാറ്റി. അഴിമതിയില്ലാതാക്കാനും വികസന പദ്ധതി ആവിഷ്കരിക്കാനും ജല മണ്ണു സംരക്ഷണ പരിശീലനം അയൽഗ്രാമങ്ങൾക്ക് നൽകാനും ഗ്രാമം മുൻകൈയെടുത്തു. ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

**8 കൂട്ടായ കൃഷി, സ്വകാര്യസ്വത്ത്**

ഗ്രാമത്തിലെ രണ്ടു കുടുംബങ്ങളൊഴിച്ച് എല്ലാവർക്കും പട്ടയമുള്ള കൃഷിഭൂമിയുണ്ട്. ഏതെങ്കിലും ഒരു കുടുംബത്തിന് കൃഷിയിറക്കാനായില്ലെങ്കിൽ ഗ്രാമസഭയുടെ ഒത്താശയോടെ അയൽവാസികൾ അതുചെയ്യും. ആ വീട്ടുകാർ അന്നത്തെ ആഹാരം തയ്യാറാക്കിയാൽ മതി. അതിനും കഴിഞ്ഞില്ലെങ്കിൽ ജോലി ചെയ്യുന്നവർ ഓരോരുത്തരും സ്വന്തം

വീട്ടിൽ പോയി ആഹാരം കഴിച്ച് വരുന്നു. അതുവഴി വേതനമില്ലാതെ, കൂലിയില്ലാതെ അന്യോന്യം സഹായിക്കുന്നു. ഈ പ്രവണതയിലും കൂട്ടായ്മയിലും ഉള്ള സംതൃപ്തിയിൽ തങ്ങളുടെ പേരിലുള്ള ഭൂമി ഗ്രാമസഭയ്ക്ക് കൈമാറുന്നതിനെകുറിച്ച് കൃഷിഭൂമി പൊതുവാക്കുന്നതിനെക്കുറിച്ചും ഗൗരവമായ ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു. അതുവഴി ആധുനിക ലോകത്തിന്റെ സ്വകാര്യസ്വത്തിനും അനുബന്ധ വൈകൃതങ്ങൾക്കും അധാർമികതകൾക്കും ഹിംസകൾക്കും നേരെ ഫലപ്രദമായ ആയുധം അവർ തയ്യാറാക്കുന്നു.

**9 ആദിവാസികളുടെ വനാവകാശ നിയമം – 2006**

ആദിവാസി വനാവകാശ നിയമം ന്യൂഡൽഹിയിലെ മിനിസ്ട്രി ഓഫ് ലോ ഏന്റ് ജസ്റ്റിസ് 2007 ജനുവരി 2ന് ഗസറ്റ് വിജ്ഞാപനം ചെയ്തു. അതിനുള്ള ചട്ടങ്ങൾ 2008 ൽ നിലവിൽവന്നു. ഗ്രാമസഭയും പഠനഗ്രൂപ്പും ഈ ചട്ടങ്ങൾ വിശദമായി പഠിച്ചു. അവരുടെ നിസ്താർ അവകാശമുള്ള ഭൂമിക്ക് മേലുള്ള വനാവകാശം ഉന്നയിച്ചു ബന്ധപ്പെട്ട വകുപ്പുകൾക്കും ആഫീസുകൾക്കും നോട്ടീസ് നൽകി. സ്ക്രൂട്ടിനിയും ഗൃഹപാഠങ്ങളും പരിശോധനയും ചെയ്തു തയ്യാറാക്കിയ റിപ്പോർട്ടും അത് അംഗീകരിച്ച ഗ്രാമസഭയുടെ മിനുട്സും അടക്കം സബ്ഡിവിഷനൽ ലെവൽ കമ്മറ്റിക്ക് നൽകി അവർ അത് പുന: പരിശോധനക്കും സ്ക്രൂട്ടിനിക്കും ശേഷം ജില്ലാകളക്ടർ ചെയർമാനായ ജില്ലാ ലെവൽ കമ്മറ്റിക്ക് കൊടുത്തു. ജില്ലാ കമ്മറ്റിയുടെ പരിശോധനയ്ക്കുശേഷം തൃപ്തരായാൽ ഗവർണർക്ക് വേണ്ടി ജില്ലാ കമ്മറ്റി വനാവകാശവാദം അംഗീകരിച്ച് പ്രഖ്യാപിക്കുന്നതാണ് രീതി.

മേന്ത (ലേഖ) ഗ്രാമസഭ നിയമാനുസൃതം സമർപ്പിച്ച അവകാശവാദം ഊർജ്ജസ്വലനും ഗോത്രവർഗ്ഗ തല്പരനുമായ യുവ ജില്ലാകലക്ടർ അതുൽപാട്നെയുടെ നേതൃത്വത്തിലുള്ള കമ്മറ്റി ഗൗരവമായിയെടുത്തു പരിശോധിച്ചു. രേഖകളുടെ സ്ക്രൂട്ടിനി നടത്തി. ഗട്ചിറോളി ജില്ലയുടെ ഉത്തരവാദിത്തമുള്ള മന്ത്രി ശ്രീ രമേശ് ഭംഗ് 15.07.09 ലെ സ്വാതന്ത്ര്യദിനാഘോഷ വേളയിൽ മേന്തയിലെ ജനങ്ങളുടെ വനാവകാശവാദം അംഗീകരിച്ചതായി പ്രഖ്യാപിച്ചു. മുഴുവൻ ഔദ്യോഗിക ചടങ്ങുകളും പത്രവാർത്തകളും ഔദ്യോഗിക വാർത്തകളുടെയും അടിസ്ഥാനത്തിൽ ഗ്രാമം ഇതിന്റെ പേരിൽ സർക്കാരിനെ അഭിനന്ദിക്കാൻ ഒരാഘോഷത്തിനു തയ്യാറെടുത്തുകൊണ്ടിരിക്കുന്നു.

വരും നാളുകളിൽ ഇന്ത്യൻ ജനാധിപത്യത്തിനും വിശിഷ്യാ ആദിവാസി സമൂഹത്തിനും ജനാധിപത്യത്തിന്റെ യഥാർത്ഥ ശക്തി പകരാൻ മേന്തക്കു കഴിയും. പുറമെനിന്നുള്ള വിദഗ്ദരുടെയും ശാസ്ത്രജ്ഞരുടെയും ഉപദേശനിർദ്ദേശങ്ങളില്ലാതെ തന്നെ സ്വന്തം ബുദ്ധിയും അനുഭവങ്ങളും വിവേകവുമുപയോഗിച്ച് ഏതൊരു 'അപരിഷ്കൃത' സമൂഹത്തിനും തങ്ങളുടെ ചുറ്റുപാടുകളിൽ നിന്നും ജീവിതം കരുപ്പിടിക്കാനും സമൂഹത്തിനും രാഷ്ട്രത്തിനും ധനാത്മകമായി പലതും നേടികൊടുക്കാനും കഴിയുമെന്നിവർ തെളിയിക്കുന്നു. മാത്രമല്ല സ്വകാര്യസ്വത്തിന്റെയും അതുവഴിയുള്ള ആർത്തിയുടെയും അവയെ വെള്ള പൂശാനുള്ള ദാന ധർമ്മങ്ങളുടെയും വാക്താക്കളായ മത – രാഷ്ട്രീയ സംഹിതകളെയും ആധുനിക സംസ്കൃതികളെയും ചോദ്യം ചെയ്യുകയും മാനവനടക്കമുള്ള എല്ലാ ജീവജാലങ്ങളുടെയും അന്തസ്സായ ജീവിതവും ജീവിതാഭിവൃദ്ധിയും സാദ്ധ്യമാണെന്ന് തെളിയിക്കുകയും ചെയ്യുന്നു. ഇവർ നല്ലൊരു നാളെയ്ക്ക് ലോകത്തിനാകെ മാതൃകയാവുന്നു.


ബന്ധപ്പെടേണ്ട വിലാസങ്ങൾ

1. ദേവാജിതോഫെ 09421734018
2. മോഹൻ ഹിരാബായ് ഹിരലാൽ

09422835234, 07172 258134

Convener 'Vrikshamitra'
Near chiddarwar Hospital
Shende plote, Ramanagar
Chandrapur - 442401,Gadchiroli - Dt
Maharashtra.
email : vriksha - cha@ sancharnet .in
website: www vrikshamitra. org


**വായനക്കാരുടെ ശ്രദ്ധയ്ക്ക്**

**കേരളീയം വരിസംഖ്യ പുതുക്കിയും (240 രൂപ) സംഭാവന നൽകിയും വാർത്തകളും പ്രതികരണങ്ങളും അറിയിച്ചും കേരളീയത്തെ നില നിർത്താൻ സഹായിക്കണേ.**


# ഡോക്യുമെന്ററി സിനിമകൾ

**പോയ്സൺ ഓൺ ദ പ്ലാറ്റർ**

(ജി.എം. പരീക്ഷണങ്ങൾക്കെതിരെ) 33 മിനിറ്റ്
സംവിധാനം : അജയ് കാഞ്ചൽ. നിർമ്മാണം : മഹേഷ് ഭട്ട്

**ഭൂമിയ്ക്കുവേണ്ടി അവസാനത്തെ ബലി**

(ചെങ്ങറ സമരം) 37 മിനിറ്റ്
സംവിധാനം : സി. ശരത്ചന്ദ്രൻ. നിർമ്മാണം : തേഡ് ഐ

**പുതിയ കാളിന്ദി പറയുന്നത്**

(ചക്കുംകണ്ടം മാലിന്യപ്രശ്നം)
സംവിധാനം : മുസ്തഫ ദേശമംഗലം

**ഡയസ്പോറ–ഗലേറിയ ഓഫ് വാണ്ടറേഴ്സ്**

(അതിരപ്പിള്ളിയിലെ ആദിവാസി കുടിയൊഴിപ്പിക്കലുകൾ) 25 മിനിറ്റ്
സംവിധാനം : അഡ്വ. ആർ.കെ. ആശ

**വി.സി.ഡി./ഡി.വി.ഡി./കോപ്പികൾക്ക്**

**കേരളീയം**

**കൊക്കാലെ, തൃശൂർ – 21.**
**ഫോൺ : 9446576943, 0487 – 2421385**